"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. മേരിലത ഫയൽ ചെയ്ത OA. 956/2018 മേൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2423/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/11/2021

പരാമർശം:-

1. 19/08/2017, 24/10/2017 എന്നീ തീയതികളിലെ പഞ്ചായത്ത് ഡയറക്ടറുടെ ഇ 8 -12264/17, ഇ8 – 12264/17(5) നമ്പർ ഉത്തരവുകൾ
2. 02/02/2018, 16/04/2018 തീയതികളിൽ KS & SSR ചട്ടം 27 B പ്രകാരം ശ്രീമതി. ജെ. മേരിലത സമർപ്പിച്ച അപ്പീൽ അപേക്ഷ
3. ശ്രീമതി. ജെ. മേരിലത ഫയൽ ചെയ്ത OA. 956/2018 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 13.06.2018 ലെ വിധിന്യായം.
4. പഞ്ചായത്ത് ഡയറക്ടറുടെ 04.09.2018 ലെ E8 – 30699/2018 നമ്പർ കത്ത്.
5. 10/03/2021 ലെ സ. ഉ. (സാധാ) നം. 684/21/തസ്വഭവ ഉത്തരവ്
6. പഞ്ചായത്ത് ഡയറക്ടറുടെ14.09.2021 ലെ PAN/7181/2021 – E8 (DP) നമ്പർ കത്ത്.

**ഉത്തരവ്**

പഞ്ചായത്ത് വകുപ്പിലെ സീനിയോറിറ്റി സംബന്ധിച്ച കേസുകളിൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി എന്നീ തസ്തികകളുടെ സീനിയോറിറ്റി പട്ടിക അന്തിമമാക്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം പുതുക്കിയ സീനിയോറിറ്റി പട്ടികയിലെ അപാകതകൾ ചൂണ്ടിക്കാട്ടി KS & SSR Rule 27 ( B ) പ്രകാരം പരാമർശം ( 2 ) പ്രകാരം സമർപ്പിച്ച അപ്പീലുകൾ പരിഗണിക്കണമെന്ന് കാണിച്ച് പത്തനംതിട്ട ഏഴംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. മേരിലത ബഹു. ട്രിബ്യൂണൽ മുമ്പാകെ OA. 956/2018 നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി. ടി കേസിൽ പരാമർശം ( 2 ) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവുണ്ടായി.

"In view of the limited reliefs sought for, the Original Application is disposed of directing the first respondent to consider and pass appropriate orders on Rule 27 B appeals preferred by the applicant after affording an opportunity for personal hearing to

the applicant and affected persons, if any, within a period of two months from the date of receipt of a copy of this order."

2. പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായം പരാമർശം (4) പ്രകാരം ലഭ്യമാക്കുകയുണ്ടായി. ആയതിൻപ്രകാരം സുപ്രീംകോടതിയുടെ ഇടക്കാലവിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദേശപ്രകാരം പ്രസിദ്ധികരിച്ച കരട് സീനിയോറിറ്റി പട്ടികയിന്മേൽ ലഭിച്ചിട്ടുള്ള ആക്ഷേപങ്ങൾ വിശദമായി പരിശോധിക്കുകയും നേരിൽ കേൾക്കുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടറേറ്റിൽ സ്വീകരിക്കുകയുണ്ടായെന്നും 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ പട്ടികയിന്മേൽ ആക്ഷേപങ്ങൾ സമർപ്പിച്ചവരിൽ ഹർജിക്കാരി ഉൾപ്പെടെയുള്ള ഭൂരിഭാഗവും പ്രസ്തുത പട്ടികയിലെ സീനിയോറിറ്റിയുമായി പ്രത്യക്ഷത്തിൽ നേരിട്ട് ബന്ധപ്പെടുന്നവരല്ലായെന്നും എന്നിരുന്നാലും 31.12.1989 -ൽ ട്രാവൻകൂർ-കൊച്ചിൻ പഞ്ചായത്ത് രാജ് ചട്ടങ്ങൾ കാലഹരണപ്പെടുകയും 01.01.1990 തീയതി മുതൽ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രാബല്യത്തിൽ വരികയും ചെയ്യുന്ന വസ്തുത പരിഗണിച്ച് 01.01.1990 തീയതിയിലെ ട്രാവൻകൂർ -കൊച്ചിൻ പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരമുള്ള ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ സീനിയോറിറ്റി പട്ടികയുടെ പുന:ക്രമീകരണം പരോക്ഷമായി തുടർപട്ടികകളിൽ പ്രതിഫലനം ഉണ്ടാക്കുമെന്നുള്ളതിനാൽ ആക്ഷേപം സമർപ്പിച്ച മുഴുവൻ പേരെയും നേരിൽ കേൾക്കുന്നതിന് അവസരം നൽകുകയും 02.08.2017, 04.08.2017 എന്നീ തീയതികളിൽ ഹാജരായ മുഴുവൻ പേരെയും പഞ്ചായത്ത് ഡയറക്ടർ നേരിൽ കേട്ടിട്ടുള്ളതുമാണെന്നും പ്രസ്തുത കരടിന്മേൽ ഹർജിക്കാരിയും ആക്ഷേപം ഉന്നയിച്ചിരുന്നതും ടിയാളെ നേരിൽ കേട്ടിട്ടുള്ളതുമാണെന്നും അറിയിക്കുകയുണ്ടായി.

3. സീനിയോറിറ്റി പട്ടിക മുൻകാല പ്രാബല്യത്തോടെ പ്രസിദ്ധീകരിക്കണമെന്നും അപ്രകാരം ചെയ്യുമ്പോൾ ക്വാട്ടാ റൂൾ (1:1) വ്യക്തമായി പാലിക്കണമെന്നും ഹർജിക്കാരി ഉൾപ്പെടെയുള്ള മുൻ വകുപ്പ് വിഭാഗം ജീവനക്കാർ സമർപ്പിച്ച ആപേക്ഷപങ്ങളിൽ ഉന്നയിച്ചിരുന്നു. മാത്രമല്ല പുതുക്കി തയ്യാറാക്കുന്ന പട്ടികയിലും പഴയ പട്ടികയിൽ ഉൾപ്പെട്ട 1400 എണ്ണം ഉണ്ടാകേണ്ടതാണ് എന്നും ആക്ഷേപങ്ങൾ സമർപ്പിച്ചിരുന്നു. ഇതോടൊപ്പം 1981 മുതൽ ക്വാട്ടാ റൂൾ പ്രകാരം പുന:ക്രമീകരണം നടത്തണമെന്നും ആപേക്ഷപങ്ങൾ സമർപ്പിച്ചിരുന്നു. നേരിൽ കേട്ട അവസരത്തിലും പ്രസ്തുത വിഭാഗം ജീവനക്കാർ ടി വാദമുഖങ്ങൾ ഉന്നയിക്കുകയുണ്ടായി. പ്രസ്തുത ആക്ഷേപങ്ങളും വാദങ്ങളും വിശദമായി പരിശോധിച്ചു. റ്റി.എ നം.171/13 മുതൽ കേസുകളിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 06.03.2015 -ലെ ഉത്തരവ് അംഗീകരിച്ചുകൊണ്ടാണ് ബഹു. സുപ്രീം കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. കോടതി ഉത്തരവിൽ 01.01.1990 തീയതി ആധാരമാക്കി ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ പുതിയ പട്ടിക തയ്യാറാക്കുവാനാണ് വ്യക്തമായി നിർദ്ദേശിച്ചിരുന്നത്.

4. 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ ആകെ കേഡർ സ്ട്രെംങ്ത് 435 ആണ്. ഇതിൽ 218 പേർ യു.ഡി.ക്ലർക്കിൽ നിന്നും സ്ഥാനക്കയറ്റം മുഖാന്തിരവും 217 പേർ രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ വിഭാഗത്തിൽ നിന്ന് സ്ഥാനക്കയറ്റം മുഖാന്തിരവും ഉൾപ്പെടുന്നതാണ് ക്വാട്ടാ റൂൾ പ്രകാരമുള്ള കേഡർ സ്ട്രെംങ്ത്. ഇതിൽ 218 യു.ഡി.ക്ലർക്ക് വിഭാഗത്തിൽ നിന്നുമുള്ളവരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ വിഭാഗത്തിൽ ടി കാലയളവിൽ സ്ഥാനക്കയറ്റത്തിന് അർഹതയില്ലായിരുന്നു എന്ന കാരണത്താൽ 97 പേർ ലഭ്യമല്ലാതിരുന്നതുകാരണം ടി വിഭാഗത്തിൽ നിന്നും 120 പേരെ മാത്രമെ നിലവിലെ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ നിർവ്വാഹമുള്ളൂ. ആയതിനാൽ ടി വിഭാഗത്തിൽ നിന്നുള്ളവർ ഉൾപ്പെടേണ്ട 97 എണ്ണം

സീനിയോറിറ്റി പട്ടികയിൽ ഒഴിഞ്ഞുകിടന്നതായി അനുമാനിക്കേണ്ടതുണ്ട്. അർഹരായവർ ലഭ്യമല്ലാത്തപക്ഷം അനർഹരെയോ മറ്റുവിഭാഗത്തെയോ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. മേൽ വസ്തുതകളിൽ നിന്നും സീനിയോറിറ്റി പട്ടിക തയ്യാറാക്കിയത് ബഹു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി.സി. റൂൾ പ്രകാരമുള്ള നിശ്ചിത എണ്ണം ക്വാട്ട അതാത് വിഭാഗക്കാർക്ക് നിശ്ചയിച്ച് നൽകി ആകെ കേഡർ സ്ട്രെങ്ത് പാലിച്ചുകൊണ്ടാണ്. തർക്കവിഷയമായ സീനിയോറിറ്റി പട്ടികയിൽ 01.01.1962 മുതൽ സ്ഥാനക്കയറ്റം ലഭിച്ചവരെ ഉൾപ്പെടുത്തി തയ്യാറാക്കിയ ലിസ്റ്റായതിനാലാണ് 1400 പേർ ഉൾപ്പെട്ടിട്ടുള്ളത്. ടി ജീവനക്കാരെ മുഴുവൻ മുൻകാല പ്രാബല്യത്തോടെ ഒഴിവുണ്ടായ തീയതി മുതൽ പുനരവലോകനം നടത്തി മുൻകാല പ്രാബല്യത്തോടെ പുതുക്കി പട്ടിക തയ്യാറാക്കുന്നത് പ്രായോഗികമല്ല.

5. ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ സീനിയോറിറ്റി പട്ടികയിൽ 01.01.1990 തീയതിയിൽ ക്വാട്ടാ അധികരിച്ച് വകുപ്പ് വിഭാഗം ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ട് എന്ന കണ്ടെത്തൽ വസ്തുതകൾക്ക് നിരക്കുന്നതല്ലായെന്നും ആയത് പുന:പരിശോധനയ്ക്ക് വിധേയമാക്കണമെന്നും ഹർജിക്കാരി ഉൾപ്പെടെയുള്ള വകുപ്പുവിഭാഗം ജീവനക്കാർ ആക്ഷേപം ഉന്നയിച്ചിരുന്നു. 01.01.1990 തീയതിയിൽ ക്വാട്ടാ അധികരിച്ച് ജീവനക്കാർ ഉൾപ്പെട്ടിട്ടുള്ള വസ്തുത കണ്ടെത്തിയത് ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിന്യായവും അതിനെതുടർന്ന് സർക്കാർ ഉത്തരവിനെയും ആധാരമാക്കിയാണ്. മേൽപറഞ്ഞ രണ്ട് ഉത്തരവും ഇപ്പോഴും നിലനിൽക്കുന്നതാണ്. മാത്രമല്ല ടി ഉത്തരവുകളിൽ സന്ദർഭോചിതമായി ഭരണപരമായ

ഭേദഗതികൾ വരുത്തി പിന്നീട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ എല്ലാം തന്നെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അസ്ഥിരപ്പെടുത്തിയിട്ടുള്ളതുമാണ്. മാത്രമല്ല നിലവിലെ കോടതി ഉത്തരവിൽ 1990നും 1993നും ഇടയ്ക്ക് റെഗുലർ പ്രമോഷന് അർഹരായവർ ഉള്ളപക്ഷം അവർക്ക് പരിഗണന നൽകണമെന്ന നിർദ്ദേശം വ്യക്തമായി നൽകിയിട്ടുള്ളതിൽ നിന്നും 01.01.1990 തീയതിയിൽ ക്വാട്ട അധികരിച്ചു നിന്നിരുന്നു എന്ന കണ്ടെത്തൽ ശരിവയ്ക്കുന്നതും അപ്രകാരമുള്ളവർക്ക് 01.01.1990 ന് മുമ്പ് ഏതെങ്കിലും വിധത്തിലുള്ള പരിരക്ഷയ്ക്ക് അർഹതയില്ല എന്നും വ്യക്തമായി അനുമാനിക്കാവുന്നതാണ്. ആയതിൽനിന്നും തർക്കവിഷയമായ ക്വാട്ടാ അധികരിച്ച് നിൽക്കുന്ന വകുപ്പ വിഭാഗത്തിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് 01.01.1990 തീയതിയിലോ അതിനുമുമ്പോ ക്രമവത്ക്കരണത്തിന് അർഹതയില്ല എന്നത് വസ്തുനിഷ്ഠമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ ക്വാട്ടാ അധികരിച്ചില്ല എന്ന വാദം വസ്തുതകൾക്ക് നിരക്കാത്തതാണ്.

6. 01.01.1990 തീയതി മുതൽ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം നൽകികൊണ്ട് ബഹു. സുപ്രീം കോടതി അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ 01.01.1990 തീയതി മുതൽ സീനിയോറിറ്റി പട്ടികകൾ തയ്യാറാക്കുന്നതിന് പുതിയ ചട്ടങ്ങളിലെ വ്യവസ്ഥകൾ മാത്രമെ ആധികാരികമായി സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ. മേൽ ഉത്തരവിൽ 01.01.1990 നും 20.10.1993 നുമിടയ്ക്ക് റഗുലർ പ്രൊമോഷൻ ലഭിച്ചവരെ പുതിയ ചട്ടം നടപ്പിലാക്കുമ്പോൾ സംരക്ഷിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

7. ബഹു. കോടതികളുടെ ഉത്തരവുകൾ പാലിച്ച് 01.01.1990 നും 20.10.1993 നും ഇടയ്ക്ക് Travancore-Cochin Rule പ്രകാരം റഗുലർ പ്രമോഷന് അർഹതയുള്ള വകുപ്പുവിഭാഗം ജീവനക്കാരുടെ

അർഹത പരിശോധിച്ച് കണ്ടെത്തിയിട്ടുള്ളതും അവരെ അതാത് സീനിയോറിറ്റി പട്ടികകളിൽ സംരക്ഷണം നൽകി ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. 01.01.1990 തീയതിക്ക് മുൻപ് ക്വാട്ടാ അധികരിച്ച് പ്രൊവിഷണൽ ആയി ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച് സീനിയോറിറ്റി ലിസ്റ്റിൽ സ്ഥാനക്കയറ്റ തീയതിയിൽ ഉൾപ്പെടുവാൻ അർഹതയില്ലാത്ത ജീവനക്കാരിൽ ബഹു. കോടതി ഉത്തരവ് പ്രകാരം 01.01.1990 നും 20.10.1993 നുമിടയ്ക്ക് റഗുലർ പ്രൊമോഷന് അർഹതയുണ്ടാകുന്ന തീയതിയിൽ മുൻപ് ലഭിച്ചിരുന്ന സ്ഥാനക്കയറ്റം സംരക്ഷിച്ച് നൽകി സെക്രട്ടറി തസ്തികയിൽ സംരക്ഷണം നൽകിയതായി കണക്കാക്കി തുടർപട്ടികകളിൽ അർഹമായ തീയതിയിൽ അർഹമായ രീതിയിൽ ക്രമപ്രകാരം ഉൾപ്പെടുത്തിയിരുന്നു. ഇപ്രകാരം സംരക്ഷണം ലഭിച്ച ഉദ്യോഗസ്ഥരുടെ പട്ടികകൾ അതാത് തസ്തികകളുടെ പ്രസിദ്ധീകരിച്ച ഉത്തരവുകളിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

8. വകുപ്പിൽ നിലവിലുണ്ടായിരുന്ന സീനിയോറിറ്റി പട്ടികകളിലെ ഒഴിവുകൾ സംബന്ധിച്ച തീയതി അടിസ്ഥാനമാക്കിയാണ് നിലവിലെ പട്ടിക തയ്യാറാക്കിയിട്ടുള്ളതെന്നും മാത്രമല്ല ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ഒഴിവുകളുടെ എണ്ണം അടിസ്ഥാനമാക്കി ജീവനക്കാരെ സീനിയോറിറ്റി പട്ടികയിൽ റഗുലർ ആയി ഉൾപ്പെടുത്തുവാൻ നിർവ്വാഹമില്ലായെന്നും രണ്ടുതരം നിയമനരീതിയുള്ള തസ്തികയായതിനാൽ ടി തസ്തികയുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുമ്പോൾ 6:4 എന്ന അനുപാതം പാലിച്ച് മാത്രമെ സീനിയോറിറ്റി പട്ടികയിൽ റഗുലറൈസ് ചെയ്യുവാൻ സാധിക്കുകയുള്ളുവെന്നും ആയതിനാൽ വർഷങ്ങൾക്ക് ശേഷം മുൻകാല പ്രാബല്യത്തോടെ പുന:ക്രമീകരണം നടത്തുമ്പോൾ മുൻകാലഘട്ടത്തിൽ ഉണ്ടായിരുന്ന ഒഴിവുകളുടെ എണ്ണം മാത്രം അടിസ്ഥാനമാക്കി സീനിയോറിറ്റി എന്ന വാദത്തിന് പ്രസക്തിയില്ല. സ്ഥാനക്കയറ്റം വഴി മാത്രം നിയമിക്കപ്പെടേണ്ട നിശ്ചിത എണ്ണം കേഡർ സ്ട്രെങ്ത് പരിധിക്കുള്ളിൽ നിന്നുകൊണ്ട് നിയമപരമായ എണ്ണം ജീവനക്കാരെ നിലവിലെ പട്ടികയിൽ അർഹമായ രീതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ബഹു. കോടതിയുടെ ഉത്തരവിൻറെ അടിസ്ഥാനത്തിൽ പുന:ക്രമീകരിച്ച് തയ്യാറാക്കിയ 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ സീനിയോറിറ്റി പട്ടികയുടെ തുടർച്ചയായിട്ടാണ് 01.01.1990 തീയതി മുതലുള്ള എല്ലാ തസ്തികളുടെയും സീനിയോറിറ്റി പട്ടികകൾ ബഹു. സുപ്രീം കോടതിയുടെ ഉത്തരവുകളിൽ നിഷ്കർഷിക്കും പ്രകാരം തയ്യാറാക്കിയിട്ടുള്ളതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

9. കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ 01.01.1990 മുതലുള്ള മുൻകാല പ്രാബല്യം വസ്തുനിഷ്ഠമായിതന്നെ സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ നിലവിലെ സീനിയോറിറ്റി പട്ടികയും 01.01.1990 തീയതി മുതൽ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായാണ് തയ്യാറാക്കിയിട്ടുള്ളത്. ഇപ്രകാരം തയ്യാറാക്കിയ പട്ടികയിൽ മുൻചട്ടപ്രകാരം റഗുലർ പ്രൊമോഷന് അർഹതയുള്ള ഏതെങ്കിലും ജീവനക്കാർ ഉള്ളപക്ഷം അവർക്ക് സംരക്ഷണം നൽകാൻ മാത്രമാണ് നിലവിലെ കോടതി ഉത്തരവുപ്രകാരം വ്യവസ്ഥചെയ്തിട്ടുള്ളതെന്നും ഇപ്രകാരമുള്ള അർഹതയുള്ള മുഴുവൻ ജീവക്കാർക്കും സീനിയോറിറ്റി പുന:ക്രമീകരണത്തിൽ സംരക്ഷണം ഉറപ്പുവരുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ വ്യക്തമാക്കുകയുണ്ടായി. ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻ വകുപ്പുവിഭാഗം ജീവനക്കാർക്ക് ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം റഗുലർ പ്രൊമോഷന്റെ അർഹതയുടെ അടിസ്ഥാനത്തിലുള്ള പരിരക്ഷയും, ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം മറുവിഭാഗം

ജീവനക്കാർക്ക് 01.01.1990 മുതലുള്ള കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ നടത്തിപ്പിന്റെ പരിരക്ഷയും ഒരേസമയം ഉറപ്പുവരുത്തിയാണ് പട്ടികകൾ തയ്യാറാക്കിയിട്ടുള്ളതെന്നും മേൽപറഞ്ഞ മാനദണ്ഡങ്ങൾ പാലിച്ച് തയ്യാറാക്കിയ സീനിയോറിറ്റി പട്ടികകളിൽ ഹർജിക്കാരിയെ അർഹതപ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു.

10. ബഹു. കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റുകളുടെ വിവരം ബഹു. സുപ്രീം കോടതിയുടെ പരിഗണനക്കായി സമർപ്പിച്ചിട്ടുള്ളതും ബഹു. സുപ്രീം കോടതി അന്തിമ വിധിന്യായം പുറപ്പെടുവിച്ച് തീർപ്പ് കൽപ്പിച്ചിട്ടുള്ളതുമാണ്.

11. വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ശ്രീമതി ജെ. മേരിലതയെ പ്രാഥമികമായി കേട്ടതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള പഞ്ചായത്ത് വകുപ്പിലെ സീനിയോറിറ്റി പട്ടികയിൽ ഉചിതമായ മാറ്റങ്ങൾ വരുത്തുന്നത് വിശദമായ പരിശോധനയുടെയും കൃത്യമായ കാര്യകാരണങ്ങളുടെയും അടിസ്ഥാനത്തിൽ അല്ലെങ്കിൽ വീണ്ടും കോടതി വ്യവഹാരങ്ങൾക്ക് കാരണമാകുകയും വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വിഘാതമാകുകയും ചെയ്യുമെന്നും കൂടാതെ അത്തരം പരാതിപരിഹാരങ്ങൾ മറ്റ് ഉദ്യോഗസ്ഥരുടെ ന്യായമായ അവകാശങ്ങൾ നഷ്ടപ്പെടുത്തിക്കൊണ്ടാകരുതെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കാനും ശുപാർശയായി നൽകാനും ഒരു സീനിയോറിറ്റി അപഗ്രഥന സെൽ പരാമർശം (5) പ്രകാരം രൂപീകരിക്കുകയുണ്ടായി.

12. വിവിധ വിഭാഗം ജീവനക്കാർ സീനിയോറിറ്റി സംബന്ധിച്ച് ഉന്നയിച്ച ഹർജികളിൽ നിന്നും പരിഗണനാർഹമായ വിഷയങ്ങൾ തീരുമാനിച്ച് സീനിയോറിറ്റി അപഗ്രഥന സെൽ മുൻപാകെ കൊണ്ടു വരുന്നതിലേക്കായി പരാതിക്കാരി ഉൾപ്പെടെയുള്ള അപേക്ഷകരേയും പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി പ്രാഥമിക ഹിയറിംഗ് നടത്തുകയുണ്ടായി. എന്നാൽ തുടർപരിശോധനയിൽ പഞ്ചായത്ത് ജീവനക്കാർ വിവിധ ഘട്ടങ്ങളായി നടത്തിയ കോടതി കേസുകളുടെ അവസാനം ബഹു.സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നം.52013/2016, 5204 - 5205/2016, 6055/16, 6056/16, 6057/16, 6059/16, 8460/16 എന്നിവയിലെ 29/03/2017 തീയതിയിലെ ഇടക്കാല വിധിന്യായത്തിനനുസരിച്ച് ബന്ധപ്പെട്ട കക്ഷികളെ ഹിയറിംഗ് നടത്തിയാണ് വകുപ്പിൽ നിലവിലുള്ള വിവിധ സീനിയോറിറ്റി പട്ടികകൾ അന്തിമമാക്കിയിട്ടുള്ളതെന്നും 23.05.81 മുതൽ എക്സിക്യൂട്ടിവ് ഓഫീസർ ഗ്രേഡ്1 തസ്തികയിൽ ഉണ്ടായ ഒഴിവുകൾ ക്വാട്ടാ റൂൾ പ്രകാരം 1 :1 അനുപാതത്തിൽ പുനക്രമീകരിക്കണം, സുപ്രിം കോടതി വിധി പ്രകാരം 01.01.1990 നും 20.10.93 നും ഇടയ്ക്ക് പ്രമോഷൻ ലഭിച്ച വകുപ്പ് വിഭാഗം ജീവനക്കാർക്ക്പരിരക്ഷ നൽകാതെ 01.01.1990 മുതൽ പഞ്ചായത്ത് കോമൺ സർവ്വീസ് വിഭാഗം ജീവനക്കാർക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചത് പുന:പരിശോധിക്കണം എന്നുമുള്ള അനക്സ്ചർ എ2, എ4 എന്നിവയിൽ ഉന്നയിക്കുന്ന വാദങ്ങൾ ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കി കഴിഞ്ഞ സാഹചര്യത്തിൽ പരിഗണിക്കുന്നത് പ്രായോഗികമാവുകയില്ല എന്ന് കണ്ടെത്തുകയുണ്ടായി. പഞ്ചായത്ത് വകുപ്പിൽ സീനിയോറിറ്റി പുന:ക്രമീകരിച്ച് പുറപ്പെടുവിച്ച ഉത്തരവിന് ബഹു. സുപ്രീം കോടതിയുടെ 02.08.2018-ലെ അന്തിമ ഉത്തരവിൽ അംഗീകാരം നൽകിയിട്ടുള്ളതാണ്.

13. പഞ്ചായത്ത് ജീവനക്കാർ വിവിധ ഘട്ടങ്ങളിലായി നടത്തിയ കോടതി കേസുകളുടെ അവസാനം ബഹു. സുപ്രീം കോടതിയുടെ ഇടക്കാല വിധി ന്യായത്തിനനുസരിച്ച് ബന്ധപ്പെട്ട കക്ഷികളെ

ഹിയറിംഗ് നടത്തിയാണ് പഞ്ചായത്ത് വകുപ്പിൽ നിന്നും വിവിധ സീനിയോറിറ്റി പട്ടികകൾ അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുള്ളതെന്നും ബഹു.സുപ്രീം കോടതിയുടെ വിധി ന്യായത്തിനനുസരിച്ച് പഞ്ചായത്ത് ഡയറക്ടർ 2017 ൽ പ്രസിദ്ധികരിച്ച അന്തിമ സീനിയോറിറ്റി പട്ടികയിൽ ഭേദഗതി വരുത്തുന്നത് കൂടുതൽ കോടതി വ്യവഹാരങ്ങളിലേക്ക് വീണ്ടും വകുപ്പിനെ കൊണ്ടെത്തിക്കാൻ സാധ്യത ഉണ്ടെന്നും വകുപ്പിൽ നിലവിൽ കൃത്യമായി നടക്കുന്ന സ്ഥാനക്കയറ്റ നടപടികളെയും പ്രതികൂലമായി ബാധിക്കുമെന്നും മാത്രമല്ല തദ്ദേശ പൊതു സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയായിവരുന്ന സാഹചര്യത്തിൽ വകുപ്പിൽ അന്തിമ സീനിയോറിറ്റി പട്ടിക ആവശ്യമായതിനാലും നിലവിൽ സർക്കാരിൽ സമർപ്പിച്ചിരിക്കുന്ന ഹർജികളുടെ അടിസ്ഥാനത്തിൽ നിലവിലെ സീനിയോറിറ്റി പട്ടികയിൽ ഭേദഗതി വരുത്തേണ്ടതില്ലായെന്നും പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

14. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പഞ്ചായത്ത് ജീവനക്കാർ വിവിധ ഘട്ടങ്ങളായി നടത്തിയ കോടതി കേസുകളുടെ അവസാനം ബഹു.സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നം.52013/2016, 5204 - 5205/2016, 6055/16, 6056/16, 6057/16, 6059/16, 8460/16 എന്നിവയിലെ 29/03/2017 തീയതിയിലെ ഇടക്കാല വിധിന്യായത്തിനനുസരിച്ച് ബന്ധപ്പെട്ട കക്ഷികളെ ഹിയറിംഗ് നടത്തിയാണ് വകുപ്പിൽ നിലവിലുള്ള വിവിധ സീനിയോറിറ്റി പട്ടികകൾ അന്തിമമാക്കിയിട്ടുള്ളതെന്നും, 23.05.81 മുതൽ എക്സിക്യൂട്ടിവ് ഓഫീസർ ഗ്രേഡ്1 തസ്തികയിൽ ഉണ്ടായ ഒഴിവുകൾ ക്വാട്ടാ റൂൾ പ്രകാരം 1 :1 അനുപാതത്തിൽ പുനക്രമീകരിക്കണം, സുപ്രിം കോടതി വിധി പ്രകാരം 01.01.1990 നും 20.10.93 നും ഇടയ്ക്ക് പ്രമോഷൻ ലഭിച്ച വകുപ്പ് വിഭാഗം ജീവനക്കാർക്ക്പരിരക്ഷ നൽകാതെ 01.01.1990 മുതൽ പഞ്ചായത്ത് കോമൺ സർവ്വീസ് വിഭാഗം ജീവനക്കാർക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചത് പുന:പരിശോധിക്കണം എന്നുമുള്ള വാദങ്ങൾ ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കി കഴിഞ്ഞ സാഹചര്യത്തിൽ പരിഗണിക്കുന്നത് പ്രായോഗികമാവുകയില്ല എന്ന് കണ്ടെത്തുകയുണ്ടായി. പഞ്ചായത്ത് വകുപ്പിൽ സീനിയോറിറ്റി പുന:ക്രമീകരിച്ച് പുറപ്പെടുവിച്ച ഉത്തരവിന് ബഹു. സുപ്രീം കോടതിയുടെ 02.08.2018-ലെ അന്തിമ ഉത്തരവിൽ അംഗീകാരം നൽകിയിട്ടുള്ളതാണ്. പരാതിക്കാരുടെ വാദങ്ങൾ നിലവിലുള്ള സീനിയോറിറ്റി പട്ടിക അന്തിമമാക്കുന്നതിനുമുമ്പ് കേട്ടിട്ടുള്ളതിനാലും നിലവിലുള്ള ബഹു.സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ 2017 ൽ അന്തിമമാക്കി പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടികയിൽ ഭേദഗതി വരുത്തുന്നത് കൂടുതൽ കോടതി വ്യവഹാരങ്ങളിലേക്ക് വീണ്ടും വകുപ്പിനെ കൊണ്ടെത്തിക്കാൻ സാധ്യത ഉള്ളതിനാലും നിലവിലെ സീനിയോറിറ്റി പട്ടികയിൽ വീണ്ടും ഭേദഗതി വരുത്തുന്നത് ബഹു. സുപ്രീം കോടതി വിധി ന്യായത്തിന് അനുസൃതമല്ലാത്തതിനാലും പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിന്മേൽ KS & SSR Rule 27 (B) പ്രകാരം ശ്രീമതി. മേരിലത സമർപ്പിച്ച അനക്സ്ചർ എ3, എ5 അപ്പീൽ ഹർജിയിലെ ആവശ്യങ്ങൾ നിരസിച്ചും അപ്രകാരം അപ്പീൽ ഹർജി തീർപ്പാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

15. പരാമർശം (1) ലെ ബഹു. ട്രിബ്യൂണലിന്റെ വിധിന്യായം ഇപ്രകാരം പാലിച്ച ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

1. ശ്രീമതി. മേരിലത, മുൻ സെക്രട്ടറി, ഏഴംകുളം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐകെഎം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sudheer S S
Date: 30-11-2021 16:42:35
Reason: Approved
സെക്ഷൻ ഓഫീസർ